പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 30.6.2011ൽ |
| ചോദ്യം നംപർ.809 | മറുപടി നൽകേണ്ടിയിരുന്നത് |

## സന്നദ്ധ രാഷ്ട്രീയ സംഘടനകൾക്ക് സർക്കാർ ഭൂമി പതിച്ചുനൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ:<br>ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.ഷാഫി പറമ്പിൽ :<br>ശ്രീ.ബെന്നി ബെഹനാൻ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) 2007 മുതൽ സംസ്ഥാനത്ത് എത്ര സന്നദ്ധ രാഷ്ട്രീയ സംഘടനകൾക്ക് സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും എത്ര ഭൂമി വീതം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ : | (എ) തിരുവനന്തപുരം ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് സംഘടനയ്ക്ക് സർക്കാരിന്റ 27.9.2009-ലെ ജി.ഒ.(എം.എസ്)366/99/റവന്യൂ പ്രകാരം തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വെ നം.2836-ൽ 33 സെന്റ് സ്ഥല സൗജന്യമായി പതിച്ചു നൽകുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 26.3.2010-ൽ പട്ടയം നൽകിയിട്ടുണ്ട്.<br>ആലപ്പുഴ: ചേർത്തല താലൂക്ക് തണ്ണീർമുക്കം വടക്ക് വില്ലേജിൽ, ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന് സർവ്വെ നമ്പർ 1/5ൽ 17 സെന്റ് ഭൂമിയും പുവർ ലെപ്രസി ഹോസ്പ്പിറ്റലിന് സർവ്വെ നം.13/1-ൽ 5.07.500 ഏക്കർ ഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്.<br>എറണാകുളം: പറവൂർ താലൂക്കിൽ ഏലൂർ വില്ലേജിൽ സി.പി.ഐ(എം)-ന് 2.625 സെന്റ് ഭൂമിയും സി.പി.ഐ-യ്ക്ക് 2.625 സെന്റ് ഭൂമിയും 14.12.009-ൽ പതിച്ചു നൽകിയിട്ടുണ്ട്. |

| | |
|---|---|
| | മറ്റു ജില്ലകളിൽ 2007-ന് ശേഷം സന്നദ്ധ രാഷ്ട്രീയ സംഘടനകൾക്ക് സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടില്ല. |
| (ബി) ഇത്തരത്തിലുള്ള എത്ര സംഘടനകൾക്ക് സർക്കാരിൽ അടയ്ക്കാനുള്ള പാട്ടത്തുകയിൽ ഇളവ് അനുവദിക്കുകയും എഴുതിത്തള്ളുകയും ചെയ്തിട്ടുണ്ടെന്നും എന്തു തുക വീതം എഴുതിത്തള്ളിയെന്നും വ്യക്തമാക്കുമോ? | (ബി) സർക്കാരിന്റെ 25.1.2010-ലെ സ.ഉ.(എം.എസ്)28/2010/റവന്യൂ പ്രകാരം വഞ്ചിയൂർ വില്ലേജിൽ, സർവ്വെ 2836-ൽ ഉൾപ്പെട്ടതും, ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേററ് സർവ്വീസ് ഓർഗനൈസേഷൻസ് സൗജന്യമായി തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിൽ പതിച്ചു നൽകിയിരുന്നതുമായ 33 സെന്റ് സ്ഥലത്തിന്റെ പാട്ടക്കുടിശ്ശികയായ 18,21,871/- രൂപ അടയ്ക്കുന്നതിൽ നിന്ന് ടി സംഘടനയെ 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ പതിവ് ചട്ടങ്ങളിലെ ചട്ടം 21(11) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പൂർണ്ണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്. |

Rajeena

സെക്ഷൻ ഓഫീസർ